# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 5048/11/12/2023/ TVM**

പരാതികക്ഷി : ചെമ്പൻകോട് മണികണ്ഠൻ,ലൗശ്രുതി നിലയം
നെടുംപോങ്ങ്,ഇളവട്ടം,പച്ച,നന്ദിയോട്
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

നന്ദിയോട് പഞ്ചായത്തിൽ പാലോട് കേന്ദ്രമായി ഫയർ ആൻറ് റസ്ക്യു സ്റ്റേഷൻ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും മനുഷ്യാവകാശ കമ്മീഷൻ എച്ച്.ആർ.എം.പി നമ്പർ 8679/2015 കേസിൽ 25.11.2015 തീയതി ഉത്തരവ് പാസ്സാക്കിയിട്ടുള്ളതാണെന്നും, തുടർന്ന് പാലോട് പോലീസ് സ്റ്റേഷൻ പരിസരത്തെ നന്ദിയോട് ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ എം.എൽ.എ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതും, എന്നാൽ നാളിതുവരെ ഫയർ സ്റ്റേഷൻെറ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഒരു Action Taken Report സമർപ്പിച്ചു. പാലോട് കേന്ദ്രമായി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18.02.2021 ലെ സ.ഉ.(കൈ) 51/2021/ ആഭ്യന്തരം പ്രകാരം തത്ത്വത്തിൽ അനുമതി നൽകിയിരുന്നതായും, പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി ഫയർ ആൻറ് റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിച്ച 34.5 സെൻറ് സർക്കാർ ഭൂമിയിൽ വാമനാപുരം എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് 2 മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യാനുള്ള ഷീറ്റ് മേൽക്കൂരയോടുകൂടിയ ഗ്യാരേജ്, രണ്ട് ചെറിയ മുറികൾ എന്നിവ സ്ഥാപിച്ചിരുന്നതായും, കുടിവെള്ളത്തിനായി ഒരു ടാപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വാട്ടർ ലൈനുമായി കണക്ട് ചെയ്യാത്തതിനാൽ അഗ്നിരക്ഷാ പ്രവർത്തനങ്ങൾക്കായി വാഹനങ്ങളിൽ വെള്ളം നിറയ്ക്കാൻ ആവശ്യമായ സൗകര്യം ഇല്ലായെന്നും, ഒരു പുതിയ ഫയർ സ്റ്റേഷന് ആവശ്യമുള്ള യാതൊരു ഭൗതിക സാഹചര്യവും നിലവിൽ ഇല്ലായെന്നും, പാലോട് നിലയത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളോടു കൂടിയ ഒരു അഗ്നിരക്ഷാ

നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, നിലയത്തിനായി ലഭ്യമായ സ്ഥലം ടോപ്പോഗ്രാഫിക്കൽ സർവ്വെ നടത്തി അതിരുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനായി നെടുമങ്ങാട് തഹസീൽദാർക്ക് തിരുവനന്തപുരം ജില്ലാ ഫയർ ഓഫീസർ കത്ത് നൽകിയിട്ടുണ്ടെന്നും, സ്റ്റേഷൻ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി പാലോട് ഫയർ സ്റ്റേഷൻ പ്രവർത്തനത്തിനായി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള പ്രൊപ്പോസൽ ഡയറക്ടർ ജനറൽ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. പാലോട് കേന്ദ്രമായി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18.02.2021 തീയതിയിലെ സർക്കാർ ഉത്തരവിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ഫയർ സ്റ്റേഷൻ ആരംഭിക്കാൻ കഴിയാത്തതുകൊണ്ടാണ് പരാതിക്കാരൻ വീണ്ടും കമ്മീഷനെ സമീപിക്കേണ്ടി വന്നിട്ടുള്ളത്. പാലോട് കേന്ദ്രമായി ഒരു ഫയർ ആൻറ് റസ്ക്യു സ്റ്റേഷൻ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാരിനും ബോധ്യമായ സാഹചര്യത്താലാണ് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഫയർ സ്റ്റേഷൻ പ്രാവർത്തികമാകുന്നതിനായി സർക്കാർ തലത്തിൽ എത്രയും വേഗം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഡയറക്ടർ ജനറൽ ഫയർ ആൻറ് റസ്ക്യു സർവ്വീസസ്, പരാതിക്കാരൻ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ